# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യു.വൈ.ഡി-പി3-662/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 15/09/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-36 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യ.വൈ.ഡി-പി3-662/21 തീയ്യതി: 15/09/2021

## വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 02-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 02-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-08-2021 | 02-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ,
നവാസ് കെ.എം, അസി.ഓഡിറ്റ് ഓഫീസർ,
ബിന്ദു കെ.കെ, അസി.ഓഡിറ്റ് ഓഫീസർ,
കെ. വി. ഡേവിഡ്, അസി.ഓഡിറ്റ് ഓഫീസർ,
അലി അക്ബർ കെ., അസി.ഓഡിറ്റ് ഓഫീസർ,

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2020 | 30-11-2020 |

| | | | |
|---|---|---|---|
| ബിനു ജേക്കബ് | പ്രസിഡന്റ് | | |
| കമല രാമൻ | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ഉസ്മാൻ വി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉസ്മാൻ വി. | സെക്രട്ടറി | 01-04-2020 | 31-03-2021 |
| രാജുദാസ് | അസി. സെക്രട്ടറി | 01-04-2020 | 27-01-2021 |
| അനീഷ് പോൾ | അസി. സെക്രട്ടറി | 28-01-2021 | 31-03-2021 |
| അനഘ | കൃഷി ഓഫിസർ | 01-04-2020 | 31-03-2021 |
| ഡോ. രാഘവൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ലുമ ഭായി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 17-11-2020 |
| സിന്ധു കെ.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-11-2020 | 31-03-2021 |
| ഡോ.പ്രഭാകരൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. രമ്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 01-03-2021 |
| ഡോ. ഗിഷ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 02-03-2021 | 31-03-2021 |
| ഡോ. പ്രവീൺ ടി. ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഷേർലി | ഹെഡ് മാസ്റ്ററസ് | 01-04-2020 | 31-03-2021 |
| മേഴ്സി കെ. | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഷീജ | ടി.ഇ.ഒ | 01-04-2020 | 31-03-2021 |
| സരിത എസ്. | സബ് ഇൻസ്പക്ടർ ഫിഷറീസ് | 01-04-2020 | 31-03-2021 |
| ഷൈല പി.വി. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 15-09-2021) | 1-1-1 |
| 3 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-1-2 |
| 4 | യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-1-3 |
| 5 | പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 15-09-2021) | 1-1-4 |
| 6 | വാർഷിക കണക്കുകൾ.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 08-09-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Ali Akbar. K (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: K.K.Bindu (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-10 |
| 15 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11 |
| 16 | ധനകാര്യ പത്രിക പൂർണ്ണമല്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11-1 |
| 17 | സ്ഥിര ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11-2 |

| | | |
|---|---|---|
| 18 | വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 15-09-2021) | 1-11-3 |
| 19 | ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാന്റ്/സ്പെഷ്യൽ ഫണ്ട് എന്നിവയ്ക്ക് തുല്യമായ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11-4 |
| 20 | ബാങ്ക് റികൺസിലിയേഷനിൽ അപാകത<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11-5 |
| 21 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11-6 |
| 22 | എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനവും ചെലവും പൂർണ്ണമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11-7 |
| 23 | കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-11-8 |
| 24 | ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല-<br>Written By: David K.V (Asst. Audit Officer, On 06-09-2021)<br>Last Updated By: Unni P.K (Deputy Director, On 15-09-2021) | 1-11-9 |
| 25 | രശീതി പിരിവ് -അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-12 |
| 26 | കളക്ഷൻ തുക വൈകി അടവാക്കി<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-13 |
| 27 | തൊഴിൽ നികുതി മുഴുവനായി ഈടാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-14 |
| 28 | കെ.എസ്.ഇ.ബി യുടെ വാടക – കുടിശ്ശിക മുഴുവൻ തുകയും അടവാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 15-09-2021) | 1-15 |
| 29 | വസ്തു നികതി - മുഴുവൻ ഏരിയക്കും നികുതി ഈടാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-16 |
| 30 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-17 |
| 31 | കേന്ദ്രവിഹിതം ചെലവഴിക്കാതെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു. | 1-18 |

| | | |
|---|---|---|
| | Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | |
| 32 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-19 |
| 33 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയത് ബാങ്ക് അക്കൌണ്ടിൽ വരവ് വന്ന വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-20 |
| 34 | എസ്.എസ്.എ.വിഹിതം നൽകിയത്-വിനിയോഗവിവരം ലഭ്യമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-21 |
| 35 | മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-22 |
| 36 | ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കുന്നില്ല.<br>Written By: Shaju Thomas (Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-23 |
| 37 | മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-24 |
| 38 | അസി.എൻജിനിയറുടെ ഫയലുകൾ അപൂർണ്ണം<br>Written By: Shaju Thomas (Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-25 |
| 39 | പദ്ധതി നിർവ്വഹണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട്.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-26 |
| 40 | ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-27 |
| 41 | ആയുർവേദ മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-28 |
| 42 | മെഡിക്കൽ ഓഫീസർ(പി എച്ച് സി വരദൂർ)-കമ്പ്യൂട്ടർ വാങ്ങാൻ ഉള്ള തീരുമാനം പ്രൊക്യുവർ കമ്മിറ്റി അംഗീകരിച്ചിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-29 |
| 43 | മെഡിക്കൽ ഓഫീസർ(പി എച്ച് സി വരദൂർ) -ടെണ്ടർ ക്വട്ടേഷൻ ഫയൽ ഹാജരാക്കിയിട്ടില്ല.ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-30 |
| 44 | ജൂബിലി ഭവന പദ്ധതി വികസന ഫണ്ടിൽ നിന്നും പലിശ അടച്ചു.- വികസന ഫണ്ടിൽ നിന്നും മുതൽ ഇനത്തിൽ കൂടുതൽ തുക അടച്ചു തുക തടസ്സം ചെയ്യുന്നു | 1-31 |

| | | |
|---|---|---|
| | Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | |
| 45 | യോഗ്യതയില്ലാത്ത ജീവനക്കാരന്റെ നിയമനം-തുക തടസ്സപ്പെടുത്തുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-32 |
| 46 | കുടിവെള്ള പദ്ധതികൾ- വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-33 |
| 47 | സംയുക്ത പ്രോജക്ടുകൾക്ക് ലഭ്യമായ ചെലവഴിക്കാത്ത തുക തിരികെ നൽകാതെ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-34 |
| 48 | സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-35 |
| 49 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-36 |
| 50 | രേഖകളുടെ സൂക്ഷിപ്പ്.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-36-1 |
| 51 | എം എൻ ആർ ജി എ - മസ്റ്റർ റോൾ ഇല്ലാതെ സ്കിൽഡ് ലേബർ വേജ് നൽകി.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-36-2 |
| 52 | എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികളുടെ തൊഴിലാളികൾ ഒപ്പിടാത്ത മസ്റ്റർ റോൾ പ്രകാരം സ്കിൽഡ് ലേബർ വേജ് തുക അനുവദിച്ചു.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-36-3 |
| 53 | എം എൻ ആർ ജി എ - വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം നടത്തിയ വാങ്ങലുകൾക്ക് തുക അനുവദിച്ചു.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-36-4 |
| 54 | ബഡ്സ് സ്കൂൾ സ്ഥലം വാങ്ങിക്കാൻ അനുവദിച്ച തുക തിരിച്ചടച്ചു.<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 1-37 |
| 55 | വൈദ്യുതീകരണം-വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-09-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 07-09-2021) | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| | | |

| | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 15-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: David K.V (Asst. Audit Officer, On 07-09-2021)<br>Last Updated By: Unni P.K (Deputy Director, On 10-09-2021) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 20-21 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | |
|---|---|
| മുൻബാക്കി | 4760313 |
| വരവ് | 481490000 |
| ആകെ | 486250313 |
| ചെലവ് | 484029000 |
| നീക്കിബാക്കി | 2221313 |
| തീരുമാനം നമ്പർ/തീയതി | 1/1/30. 3/20 |

### 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2020-21 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി 15.01.20 ന് നിർവഹണോദ്യോഗസ്ഥരുടെ യോഗം വിളിച്ചു. ഹോമിയോ മെഡിക്കൽ ഓഫീസർ,ആയുർവേദമെഡിക്കൽ ഓഫീസർ ,ഹെഡ് മാസ്റ്റർ,വെറ്ററിനറിസർജൻ എന്നിവർ മാത്രമാണ് ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചത്.പ്രോജക്ടുകളുടെ ഭൂരിഭാഗം നടപ്പാക്കുന്ന അഥവാ കൂടുതൽ ഫണ്ട് ചെലവഴിക്കുന്ന നിർവഹണോദ്യോഗസ്ഥരാരും തന്നെ അവരുടെ മേഖലകളിലെ ആവശ്യകത സംബന്ധിച്ചോ,ഫണ്ട് വകയിരുത്തൽ സംബന്ധിച്ചോ വിവരങ്ങൾ നൽകാത്തത് ശരിയായ നടപടിയല്ല.

സെക്രട്ടറി ,വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്യതായി രേഖകളിൽ കാണുന്നില്ല.പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്യതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ- 16/20-21/31.08.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാനുലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ തയ്യാറാക്കിയ ബഡ്ജറ്റിൽ ഇവ ഉൾപ്പെടുന്നില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-3 യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ രണ്ടുവർഷങ്ങളിലെ ബഡ്ജറ്റുകളും യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

| ഇനം | 2020-21 | |
|---|---|---|
| | ബഡ്ജറ്റ് പ്രകാരം | വാർഷികകണക്കുകൾ പ്രകാരം |
| മുൻബാക്കി | 4760313 | 29026258 |
| വരവ് | 481490000 | 128966861 |
| ആകെ | 486250313 | 157993119 |
| ചെലവ് | 484029000 | 135790983 |
| നീക്കിബാക്കി | 2221313 | 22202136 |

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്.

## 1-1-4 പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്ത് പാസ്സാക്കിയ ബഡ്ജറ്റിലെ വരവ് ,ചെലവ് എന്നിവയിൽ വ്യത്യാസം വരുന്ന പക്ഷം പുതുക്കിയതോ അനുപൂരകമോ ആയ ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതായിരുന്നു(1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214(5).)എന്നാൽ അംഗീകരിച്ച ബഡ്ജറ്റിനെക്കാൾ വരവ് ചെലവുകളിൽ വ്യത്യാസം ഉണ്ടായിട്ടും പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല.

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും.ഓഡിറ്റ് എൻക്വയറി നമ്പർ- 16/20-21/31.08.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 09.07.2021 | --- | --- |

## 1-3 സാമ്പത്തിക വിശകലനം

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 29026258 |
| വരവ് | 128966861 |
| ആകെ | 157993119 |
| ചെലവ് | 135790983 |
| നീക്കിയിരിപ്പ് | 22202136 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ്, | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 1,49,80,758 | 1,44,33,021 | 5,47,737 | 96.34% |
| വികസനഫണ്ട് എസ്.സി.പി. | -- | 19,54,480 | 16,79,597 | 2,74,883 | 85.94% |
| വികസനഫണ്ട് ടി.എസ്.പി. | -- | 1,62,41,017 | 1,36,61,952 | 25,79,065 | 84.12% |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 90,38,000 | 89,97,608 | 40392 | 99.55% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 53,93,888 | 53,55,187 | 38701 | 99.00% |
| ധനകാര്യ കമ്മീഷൻ പ്രഫോമൻസ് ഗ്രാന്റ് | -- | 1,43,81,051 | 1,15,62,008 | 28,19,043 | 80.40% |

ഗ്രാന്റ് വിനിയോഗം സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 366 | 397683268 | 276 | 117403671 | 33 | 57 | 75.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1915742 | 1915742 | 1885332 | 30410 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 58186271 | 58186271 | 58186271 | 0 |
| 100 ദിവസ അലവൻസ് | 0 | 621000 | 621000 | 621000 | 0 |
| ആകെ | | 60723013 | 60723013 | 60692603 | 30410 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10192400 | 546 |
| വിധവാപെൻഷൻ | 30031200 | 1444 |
| വാർദ്ധക്യകാലപെൻഷൻ | 33228400 | 1724 |
| വികലാംഗപെൻഷൻ | 7472500 | 371 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2020-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32879/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കുന്നതിൽ മതിയായ ശ്രദ്ധ പുലർത്തിയിട്ടില്ല. കാഷ് ബുക്ക്, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനേന പ്രിന്റൗട്ട് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രതിമാസ അക്കൗണ്ട്സ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പല രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് കാര്യക്ഷമമല്ല. ഉദാഹരണം:1) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2020-21, 2021-22 വർഷങ്ങളിൽ നൽകിയ പെർമിറ്റുകളുടെ വിവരങ്ങൾ ഇടകലർത്തിയാണ എഴുതിയിട്ടുള്ളത്. 2) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. 3) പല ഡി.സി.ബി. രജിസ്റ്ററുകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. 4)Vരജിസ്റ്ററുകളിലും സംക്ഷിപ്തമെഴുതിയിട്ടില്ല.

രശീതി ബുക്കുകൾ ഉപയോഗിച്ചുള്ള പണം പിരിവിന്റെ കൃത്യ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

എം.എൻ.ആർ.ഇ.എ ഫയലുകൾ സൂക്ഷിപ്പ് കാര്യക്ഷമമല്ല. ഫയലുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. സൂപ്പർവൈസിംഗ് ഓഫീസർ ഫയലുകളോ ട്രാൻസാക്ഷനുകളോ പരിശോധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/11/2019 | 01/04/2019 മുതൽ 31/10/2019 വരെ | 17/01/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/12/2015 മുതൽ 06/01/2016 വരെ | 2010-11 മുതൽ 2014-15 വരെ | 29/01/2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഭരണ സമിതിയുടെ 07.07.2021 ലെ 189/2021(1) തീരുമാന പ്രകാരം അംഗീകരിച്ച കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്കുകളിലെ ന്യൂനതകൾ താഴെപ്പറയുന്നു.

### 1-11-1 ധനകാര്യ പത്രിക പൂർണ്ണമല്ല.

കേരള പഞ്ചായത്ത് രാജ് (അക്കണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. 07.07.2021 ന് എ-23/21 നമ്പർ പ്രകാരം ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, ഗ്രാന്റ് വിനിയോഗ പത്രിക എന്നിവ സമർപ്പിച്ചിട്ടില്ല. ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-11-2 സ്ഥിര ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത താഴെ പറയുന്ന കാരണങ്ങളാൽ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

1. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-11-3 വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന നികുതി നികുതിയേതിര ഇനങ്ങളുടെ വാർഷിക കണക്കുകളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ ഡി.സി.ബി. രജിസ്റ്ററലെ തുകകളുമായി പെരുത്തപ്പെടുന്നില്ല.

| ഇനങ്ങൾ | വാർഷിക കണക്ക് | | | ഡി.സി.ബി. രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| തൊഴിൽ നികുതി എംപ്ലോയിസ് | 1480260 | 1446760 | --(**) | 1429530 | 1429530 | -- |
| തൊഴിൽ നികുതി ട്രയ്ഡേഴ്സ് | 905680 | 905680 | -- | 903180 | 903180 | -- |

| | | | | | | |
|---|---|---|---|---|---|---|
| കെട്ടിട വാടക | 361480 | 361480 | -- | 328452 | 328452 | -- |
| കെട്ടിട വാടക കുടിശ്ശിക | 588444 | 563361 | 25083 | 588444 | 588444 | -- |

(**) തൊഴിൽ നികുതി (എംപ്ലോയിസ്) -ലെ കളക്ഷനിലെയും ഡിമാന്റിലെയും വ്യത്യാസം ₹33,500/- ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ബുക്ക് അഡ്ജസ്റ്റ്മെന്റിലൂടെ വരവ് വച്ചതിനാലാണെന്നാണ് വിശദീകരണം ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി വരവ് ₹33,750/- ആണ്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് പഞ്ചായത്തിന്റെ എല്ലാ വരവുകളും റസീപ്റ്റ് ചെയ്യേണ്ടത്. ആയതും പാലിച്ചിട്ടില്ല.

മേൽ പറഞ്ഞതിന് പുറമേ

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2020-21, 2021-22 വർഷങ്ങലിൽ നൽകിയ പെർമിറ്റുകളുടെ വിവരങ്ങൾ ഇടകലർത്തിയാണ എഴുതിയിട്ടുള്ളത്. 2020-21 വർഷത്തെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിൽ രജിസ്റ്റർ പ്രകാരമുള്ള ബിൽഡിംഗ് പെർമിറ്റ് ഫീസ് കളക്ഷന്റെ വിവരം ലഭിച്ചിട്ടില്ല.

2. വാർഷിക കണക്കുകൾ പ്രകാരം ടെണ്ടർ ഫോറം വിൽപ്പനയിനത്തിൽ ₹1,86,858/- വരവുണ്ട്. ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-4 ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാന്റ്/സ്പെഷ്യൽ ഫണ്ട് എന്നിവയ്ക്ക് തുല്യമായ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടി എസ് സി, ഡബ്ല്യൂ ജി ഡി പി, ഐ സി ഡി എസ്, എൽ എ ഡി എഫ് ഉടങ്ങിയവയ്ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകളില്ല. എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

എ) ബി-4 ഷെഡ്യൂളിൽ ജലനിധിയുടെ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹8,62,487/- ആണ്. എന്നാൽ ബി-17 ഷെഡ്യൂളിൽ പ്രസ്തുത ആവശ്യത്തിനായുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹25,15,562/- ആണ്.

ബി) ബി-4 ഷെഡ്യൂളിൽ 350200301- റിക്കവറീസ് പേയബിൾ - കോവിഡ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹5,98,297/- ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സി) കോവിഡ് -19 എഫ് എൽ സി ടി സി -യുടെ ചെലവുകൾക്കായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ലഭിച്ച ₹12 ലക്ഷം ബി-4 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

## 1-11-5 ബാങ്ക് റികൺസിലിയേഷനിൽ അപാകത

പ്രോപ്പർട്ടി ടാക്സ് ഇ-പേയ്മെന്റ് - 9244 എന്ന അക്കൗണ്ടിന്റെ റീകൺസിലിയേഷനിൽ ₹25651/- ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക്, കളക്ഷനാകാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്കുകളുടെ നമ്പർ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത തുകയ്ക്കുള്ള ചെക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച രേഖയോ വിശദീകരണമോ ലഭ്യമാക്കിയിട്ടുമില്ല.

## 1-11-6 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101- പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹19,097/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

## 1-11-7 എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനവും ചെലവും പൂർണ്ണമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ₹5,84,71,125/- എന്നാൽ എം.എൻ.ആർ.ഇ.ജി.എ. യുടെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വരുമാനം

₹6,06,92,603/-ആണ്. ₹22,21,478/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-11-8 കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷം അവസാനം പാസ്സാകാത്ത ട്രഷറി ബില്ലുകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

01.09.2021 -ലെ ഓഡിറ്റ് എൻക്വയറി നമ്പർ- 28/20-21 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-11-9 ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല-

ജൂബിലി ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി ₹2 കോടി ആണ് ഗ്രാമപഞ്ചായത്ത് ലോൺ എടുത്തിട്ടുള്ളത്. തൻവർഷം വരെ ലോൺ രജിസ്റ്റർ പ്രകാരം ആകെ ₹2,11,91,011/- വികസന ഫണ്ടിൽ നിന്നും അടവാക്കി. ആയതനുസരിച്ച് ₹11,91,011/- അധികം ഒടുക്കി, എന്നാൽ ബി-5 ഷെഡ്യൂളിൽ പ്രസ്തുത ലോൺ ഇനത്തിൽ ₹19,86,109/- ഗ്രാമപഞ്ചായത്തിന് ബാധ്യത ഉള്ളതായി രേഖപ്പെടുത്തി.

## 1-12 രശീതി പിരിവ് -അപാകതകൾ

(1) വിവിധ ക്ലാർക്കുമാരുടെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ഇത് കാരണം കളക്ഷൻ തുക അതാത് ദിവസം അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കാതെ വരുന്നുണ്ട്.

2) ദിവസേനയുള്ള ഡേ ബുക്ക് കളക്ഷൻ സൂപ്പർവൈസറി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

3) രശീതികൾ റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സാംഖ്യ രശീതി നമ്പർ | റിമാർക്ക്സ് |
|---|---|---|
| 1 | 5643599 | |
| 2 | 5643598 | |
| 3 | 5643997 | |
| 4 | 5645517 | റദ്ദ് ചെയ്തതിന്റെ കാരണം ഇല്ല. |
| 5 | 5646054 | റദ്ദ് ചെയ്തതിന്റെ കാരണം ഇല്ല. |
| 6 | 0162782 | |
| 7 | 5647388 | |
| 8 | 5643999 | |
| 9 | 5647570 | |
| 10 | 5649930 | റദ്ദ് ചെയ്തതിന്റെ കാരണം ഇല്ല. |
| 11 | 5649676 | |
| 12 | 5645118 | റദ്ദ് ചെയ്തതിന്റെ കാരണം ഇല്ല. |
| 13 | 5647998 | |
| 14 | 5648000 | |
| 15 | 5647860 | |
| 16 | 0163477 | റദ്ദ് ചെയ്തതിന്റെ കാരണം ഇല്ല. |

4) 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) പ്രകാരം രസീതു പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും, പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും ,പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം

രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ സാക്ഷ്യപത്രം രേഖപ്പെടുത്താതെ രസീത് ബുക്കുകൾ ഉപയോഗിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | രശീതി ബുക്ക് നമ്പർ |
|---|---|
| 1 | 43348 |
| 2 | 43349 |
| 3 | 43346 |
| 4 | 43350 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/20-21/25.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 കളക്ഷൻ തുക വൈകി അടവാക്കി

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ തുക അടവ് വരുത്തുന്നത് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

30/03/2021 ന്റെ ഡേബുക്ക് കളക്ഷൻ 175196/- രൂപയാണ്. അതിൽ നിന്നും 169489/- രൂപ 31.03.2021 ന് തന്നെ ബാങ്കിൽ അടവാക്കിയിട്ടുണ്ട്. ബാക്കി 5707/- രൂപ 26.05.2021 -ന് മാത്രമാണ് ബാങ്കിൽ അടവാക്കിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/20-21/01.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി മുഴുവനായി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ , അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
|---|---|---|---|
| 1 | യൂണിവേഴ്സൽ അഗ്രി വുഡ് വർക്ക്സ്, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 2 | വിജയ ഏജൻസീസ്, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 3 | സതി.ടി.കെ, ഇൻഡേൻ ഗ്യാസ് ഏജൻസി, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 4 | സെന്റ് ജൂഡ് ഇൻഡേൻ ഗ്യാസ് ഏജൻസി, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 5 | ഹംസ വൈശ്യൻ, മര മിൽ, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 6 | വയനാട് ടിമ്പേഴ്സ്, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 9 | വെപ്കോ റൂഫിംഗ്, പള്ളിമുക്ക് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 10 | സ്വാമീസ് ട്രേഡിംഗ് കമ്പനി, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 11 | അബു, മരമിൽ, വരദൂർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| 12 | ഇൻഡസ് മാരുതി, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 13 | ടഫ് ഗ്ലാസ്സ് ഫൈബർ പ്രോഡക്ട്സ് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 14 | ആരോഗ്യ ഫാർമ്മ ക്ലിനിക്ക് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 15 | ടൈൽ പ്ലാന്റ്, പള്ളിമുക്ക് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 16 | പോസ്റ്റ് ഓഫീസ്, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 17 | പോസ്റ്റ് ഓഫീസ്, വരദൂർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 18 | വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |
| 19 | എസ്.ജെ ഫിനാൻസ് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |
| 20 | അക്ഷയ ഇ സെന്റർ, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 21 | അക്ഷയ ഇ സെന്റർ, കരണി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 22 | ഗോൾഡൻ ഏജൻസീസ് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |
| 23 | രാംകോ സിമന്റ് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |
| 24 | ഓൾഡ് ഏജ് ഹോം, കണിയാമ്പറ്റ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | ഒന്നാം അർദ്ധവർഷം |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 2 | ക്ഷീര സഹകരണ സംഘം, ചീക്കല്ലൂർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 3 | ക്ഷീര സഹകരണ സംഘം, നടവയൽ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 4 | ക്ഷീര സഹകരണ സംഘം, വരദൂർ | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 5 | കെ.എസ്.ഇ.ബി, കമ്പളക്കാട് | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |

കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബിൽഡിംഗ് സൂപ്പർവൈസർ, കരാറുകാർ, എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്, ആർക്കിടെക്ട്സ്, ഡോക്ടർമാർ, എഞ്ചിനീയേഴ്സ്, ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/20-21/26.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 കെ.എസ്.ഇ.ബി യുടെ വാടക - കുടിശ്ശിക മുഴുവൻ തുകയും അടവാക്കിയിട്ടില്ല.

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറും ചമച്ച കരാർ നം. 4870/ 18/06/2015 പ്രകാരം KGP12/1110-B, KGP 12/1113, KGP 12/1114,KGP 12/1113-A,കൂടാതെ 10 മീറ്റർ വീതിയിലും 20 മീറ്റർ നീളത്തിലുമുള്ളതും കമ്പി വലയിൽ വേർതിരിച്ച് സജ്ജീകരിച്ച2182 സ്വകയർഫീറ്റ് സ്ഥലവും കെ.എസ്.ഇ.ബി, സെക്ഷൻ ഓഫീസ്, കമ്പളക്കാടിന് വാടകക്ക് നൽകി. കരാറിൽ വാടക എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ (നം. ഡി.ബി.റ്റി-32/Building Rent-കമ്പളക്കാട്/16-17/372/07.07.2016) പ്രകാരം 11.07.2016 മുതൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം (നം. 1/2/15.02.2020) 06/2015 മുതൽ 04/2017 വരെ വാടക ഒഴിവാക്കി കൊടുത്തു. 5/2017 മുതൽ 16300/-രൂപ വാടകയായി ഈടാക്കുന്നതിനും തീരുമാനിച്ചു. കെ.സ്.ഇ.ബി എക്സി. എഞ്ചിനീയറുടെ കത്ത് പ്രകാരം ( നം. TS3/Rent-Kambalakkad/ECK/2019-20/787/17.03.2020) ആണ് വാടക 16300/- ആയി നിശ്ചയിച്ചിരിക്കുന്നതും വാടക ഒഴിവാക്കി കൊടുത്തിരിക്കുന്നതും. പൊതു മരാമത്ത് കെട്ടിട വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങിയിട്ടില്ല. 12.05.2020 ന് കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി പുതുക്കിയ കരാറിൽ ഏർപ്പെട്ടു. പഞ്ചായത്ത് സെക്രട്ടറിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം (നം. എ2-7292/19/19.05.2020) താഴെ പറയുന്ന വാടകയാണ് അടവാക്കാനുള്ളത്.

| കാലയളവ് | വാടക (16300/-) | പലിശ | ആകെ |
|---|---|---|---|
| 2017 മെയ് മുതൽ 2018 മാർച്ച് വരെ | 179300 | 55583 | 234883 |

| | | | |
|---|---|---|---|
| 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 195600 | 38142 | 233742 |
| 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ | 195600 | 14670 | 210270 |
| 2020 ഏപ്രിൽ മുതൽ 2020 മേയ് വരെ | 32600 | 163 | 32763 |
| GST 18% | 108558 | - | 108558 |
| ആകെ | 711658 | 108558 | 820216 |

എന്നാൽ, കെ.സ്.ഇ.ബി എക്സി. എഞ്ചിനീയറുടെ കത്ത് പ്രകാരം
( നം.എബി2/ഇഡികെ/വാടക/20-21/371/08.07.2020)
താഴെ പറയുന്ന തുകയാണ് അടവാക്കിയിരിക്കുന്നത്.

| | |
|---|---|
| 2017 മെയ് മുതൽ 2020 മെയ് വരെയുള്ള വാടക | 603100 |
| SGST @ 9% | 54279 |
| CGST @ 9% | 54279 |
| ആകെ | 711658 |
| Income Tax @ 7.50% കുറച്ചത് | -45233 |
| ആകെ | 666425 |

രശീതി നം. 120010900034/16.07.2020 പ്രകാരം 666425/- രൂപ അടവു വന്നിട്ടുണ്ട്. ബാക്കി തുക 153791/- രൂപ (820216-666425) അടവാക്കിയിട്ടില്ല.

ഭരണസമിതി തീരുമാനം നം. 113/2021(1)/26.04.2021 പ്രകാരം കുടുംബശ്രീ ബിൽഡിംഗിനു മുകളിലുള്ള രണ്ട് റൂമുകളും കൂടി കെ.എസ്.ഇ.ബി ക്ക് നൽകാൻ തീരുമാനിച്ചു. പ്രസ്തുത റൂമുകളുടെയും, 10 മീറ്റർ വീതിയിലും 20 മീറ്റർ നീളത്തിലുമുള്ളതും കമ്പി വലയിൽ വേർതിരിച്ച് സജ്ജീകരിച്ച2182 സ്വകയർഫീറ്റ് സ്ഥലത്തിന്റെയും കരാർ ചമക്കുകയോ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല. വാടക ഒഴിവാക്കി നൽകിയത് വിശദീകരിക്കേണ്ടതാണ്. വാടക നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/20-21/01.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുകയിൽ കുറവ് വന്ന 153791/- രൂപ അടവാക്കി അറിയിക്കേണ്ടതാണ്. വാടക മുഴവൻ സ്ഥലത്തിനും ഈടാക്കി അറിയിക്കേണ്ടതാണ്.മറ്റ് അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികതി - മുഴവൻ ഏരിയക്കും നികുതി ഈടാക്കിയിട്ടില്ല.

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ 2-ാം വാർഡിലെ ദേവസ്യ പുതുപറമ്പിൽ വീട് എന്നവരുടെ നികതി മുഴവൻ പ്ലിന്ത് ഏരിയക്കും ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു. നമ്പറിംഗ് ഫയൽ നം. എ3/12119/19 ആണ്. പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 1743.89 ച. മീ ആണ് പ്ലിന്ത് ഏരിയ ഉള്ളത്. അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം താഴെ പറയുന്നതാണ് മൊത്തം കെട്ടിടത്തിന്റെ വിസ്തീർണ്ണം വരുന്നത്.

| | |
|---|---|
| താഴത്തെ നില | 701.84 ച. മീ |
| തറനില | 987.73 ച. മീ |
| ഗോവണി | 54.32 ച. മീ |
| ആകെ | 1743.89 ച. മീ |

എന്നാൽ, ക്ലർക്കിന്റെ റിപ്പോർട്ട് താഴെ കൊടുക്കുന്നു.

| ക്രമ നം. | നൽകിയ നമ്പർ | വിസ്തീർണ്ണം (ച. മീ) |
|---|---|---|

| | | |
|---|---|---|
| സെല്ലാർ | | |
| 1 | 2/169 A | 38.45 |
| 2 | 2/169 B | 144.81 |
| 3 | 2/169 C | 274.47 |
| ആകെ സെല്ലാർ | | 457.73 |
| ഗ്രൗണ്ട് ഫ്ലോർ | | |
| 4 | 2/169F | 95.8 |
| 5 | 2/169G | 52.13 |
| 6 | 2/169H | 103.27 |
| 7 | 2/169J | 288.1 |
| 8 | 2/169K | 163.15 |
| 9 | 2/169L | 82.11 |
| 10 | 2/169M | 216 |
| ആകെ ഗ്രൗണ്ട് ഫ്ലോർ | | 1000.56 |
| സെല്ലാർ + ഗ്രൗണ്ട് ഫ്ലോർ | | 1458.29 ച.മീ |

ജൂനിയർ സൂപ്രണ്ടിന്റെ കാര്യാലയ കുറിപ്പിൽ ബേസ്മെന്റിൽ ഷട്ടർ ഇടാത്ത ഭാഗം 2/169D (77.35 ച.മീ) എന്നത് ഒഴിവാക്കി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അസി. എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിൽ നിന്നും (1743.89 ച.മീ) 285.6 ച.മീ കുറച്ചാണ് വസ്തു നികുതി ചുമത്തിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/20-21/01.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി മുഴുവൻ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല.

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുന്നില്ല. ഓഡിറ്റിന് ഹാജരാക്കിയത്.അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ,മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ ഗുണനിലവാരം സമയാസമയങ്ങളിൽ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കേന്ദ്രവിഹിതം ചെലവഴിക്കാതെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളുടെ പൂരകപോഷകാഹാരപദ്ധതിക്കും മറ്റ് വിവിധപ്രവർത്തനങ്ങൾക്കുമായി ലഭിക്കുന്ന കേന്ദ്രവിഹിതത്തിൽ 31.03.21 ന് 1509141 രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു.ആയത് വിനിയോഗിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയതായി കാണുന്നില്ല.തുക ഫലപ്രദമായി വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ സൂക്ഷിക്കുന്നതിൽ അപാകങ്ങൾ

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ ഫയലുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.ഓരോ പ്രോജക്ടുകളുടെയും ബില്ലുകളും തുക നൽകിയ വിവരങ്ങളും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത വിവരങ്ങളും ഒരുമിച്ച് ഫയൽ ചെയ്തിട്ടില്ല.പ്രോജക്ട് ഫോറങ്ങളോടൊപ്പം അതാത് പ്രോജക്ടുകളുടെ ബില്ലുകൾ വെച്ചിട്ടില്ല. ഫയലുകളിൽ നോട്ട് ഫയൽ വെച്ചിട്ടില്ല. പേജ് നമ്പർ നൽകിയിട്ടില്ല.ബില്ലുകളിൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ ചേർക്കാത്തതിനാൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.ഭക്ഷണസാധനങ്ങൾ വിതരണം ചെയ്ത ക്രമത്തിൽ മാവേലിസ്റ്റോറിനും ന്യൂട്രിമിക്സ് യൂണിറ്റിനും തുക നൽകാത്തതിനാൽ 2019-2020 ലെ തുകകൾ കൊടുത്തുതീർക്കാൻ ബാക്കിയുള്ളതായും തുടർബില്ലുകൾ നൽകിയതായും കാണുന്നു.തുകകളുടെ കൈപ്പറ്റ് രശീതുകളും ഫയലിൽ ഇല്ല.ഓഡിറ്റ് എൻക്വയറി.നം. 13/ തീയതി 26.08.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

## 1-20 ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയത് ബാങ്ക് അക്കൌണ്ടിൽ വരവ് വന്ന വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല.

തൻവർഷം ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയ പദ്ധതികളിൽ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റ് ആയ വിവരം ലഭ്യമല്ല.

1.പ്രോജക്ട് നമ്പർ-336/21

ചെലവഴിച്ച തുക-₹ 124520/-

അടങ്കൽ -17 ലക്ഷം

ട്രഷറി ബിൽ നമ്പർ-4/21.08.20-₹400000/-

ട്രഷറി ബിൽ നമ്പർ-7/28.10.20-₹864520/-

2.പ്രോജക്ട് നമ്പർ-60/21

ചെലവഴിച്ച തുക-₹ 1400900/-

അടങ്കൽ -25 ലക്ഷം

ട്രഷറി ബിൽ നമ്പർ-9/22.01.21-₹158200/-

ട്രഷറി ബിൽ നമ്പർ-10/17.03.21-₹425500/-

ട്രഷറി ബിൽ നമ്പർ-11/17.03.21-₹37200/-

ട്രഷറി ബിൽ നമ്പർ-8/22.01.21-₹780000/-

ഓഡിറ്റ് എൻക്വയറി.നം. 14/ തീയതി 26.08.21പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.തുകകൾ ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ വരവുവെച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 എസ്.എസ്.എ.വിഹിതം നൽകിയത്-വിനിയോഗവിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം എസ്.എസ്.എ വിഹിതമായി താഴെപ്പറയുന്ന തുകകൾ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് നല്കിയിട്ടുണ്ട്.

1.പ്രോജക്ട് നമ്പർ-37/21

പ്രോജക്ട്-എസ്.എസ്.എ വിഹിതം നൽകൽ

നിർവഹണം-ഹെഡ് മിസ്ട്രസ്

ഫണ്ട്-വികസനഫണ്ട് ജനറൽ

ട്രഷറിബിൽ നമ്പർ-6/20-21/16.09.20

ചെലവഴിച്ച തുക-₹500000/-

2.പ്രോജക്ട് നമ്പർ-40/21

പ്രോജക്ട്-എസ്.എസ്.എ വിഹിതം നൽകൽ-എസ്.ടി

നിർവഹണം-ഹെഡ് മിസ്ട്രസ്

ഫണ്ട്-വികസനഫണ്ട് ടി.എസ്.പി

ട്രഷറിബിൽ നമ്പർ-5/20-21/16.09.20

ചെലവഴിച്ച തുക-₹500000/-

വിവിധപ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചതായി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയെങ്കിയുംൽകിയ തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ,എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നുള്ള വിശദവിവരങ്ങൾ ഹാജരാക്കിയില്ല. വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

